വർഷം	തുക (ലക്ഷത്തിൽ)
1996 - 97	1,335. 30
1997 - 98	1,462. 00
1998 - 99	1,052. 30
1999 - 2000	1,601. 00
2000 - 2001	760. 00

(സി) ഈ കാലഘട്ടത്തിൽ ഈ ഇനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും മുൻകൂറായി തുകയൊന്നും തന്നെ വാങ്ങിയിട്ടില്ല.

(ഡി) ഇല്ല.

(ഇ) കൊല്ലം ജില്ലയിൽ 4,91,162 രൂപയും, പാലക്കാട് ജില്ലയിൽ 5,60,000 രൂപയും ലാപ്സായിട്ടുണ്ട്.

നഷ്ടപരിഹാരത്തുക നൽകുന്നതിന് നടപടി

80 (1640) ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്ക് ഓഫീസിലും സബ്ട്രഷറി കോമ്പൗണ്ടിനും സമീപത്ത് താമസിക്കുന്ന കടയിൽവിള വീട്ടിൽ അസ്മാബീവിയുടെയും പി. മുഹമ്മദ് മുസ്തഫയുടെയും വീടുകൾക്ക് 24-8-2000-ൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിലും കൊടുങ്കാറ്റിലുംപെട്ട് ട്രഷറി കോമ്പൗണ്ടിലെ വലിയ മരങ്ങൾ ഒടിഞ്ഞുവീണ് ഗുരുതരമായ കേടുപാടുകൾ സംഭവിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വീടുകൾക്ക് എത്ര രൂപയുടെ നഷ്ടം വീതമാണ് കണക്കാക്കിയിട്ടുള്ളത് ; ഈ തുക നൽകി വീടുകളുടെ കേടുപാടുകൾ പരിഹരിച്ചു കഴിഞ്ഞോ ;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാരത്തുക അടിയന്തിരമായി നൽകി വീടുകളുടെ കേടുപാടുകൾ തീർക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ശ്രീമതി അസ്മാബീവിയുടെ വീടിന് 7,000 രൂപയുടെയും, ശ്രീ. മുഹമ്മദ് മുസ്തഫയുടെ വീടിന് 4,000 രൂപയുടെയും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly